

11/04/2025

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/04/2025

1. മൂവാറ്റുപുഴ കാർഷിക മേള ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ വച്ചു നടത്തുന്നു. കൃഷി വകുപ്പ്, ജില്ലാ ഭരണകുടം, ഡിടിപിസി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് ബ്ലോക്ക് പഞ്ചായത്ത് മേള സംഘടിപ്പിക്കുന്നത്. കാർഷികോൽപന്ന മേള, കാർഷിക മത്സരങ്ങൾ, കാർഷിക വാരാചരണം, കർഷക സെമിനാറുകൾ, എന്നിവയെല്ലാം കാർഷിക മേളയിൽ ഉണ്ടാകും. കർഷക അവാർഡുകൾ, നാട്ടുചന്ത, അഗ്രി ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇന്നവേഷൻ സെന്റർ, പാനൽ ചർച്ചകൾ, സ്റ്റുഡന്റ് ഫാമിങ് ഡേ, പി ഫോർ പെറ്റ്സ്, കൃഷി കല തുടങ്ങി ഓരോ ദിനവും വ്യത്യസ്ത പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ശീതീകരിച്ച ഒരു ലക്ഷം ചതുരശ്ര അടി പവിലിയനിലാണ് മേള ഒരുങ്ങുന്നത്. കാർഷികമേളയ്ക്കു പുറമേ ഊട്ടി മാതൃകയിലുള്ള പുഷ്പമേള, സസ്യപ്രദർശനവും വിൽപനയും, കൃത്രിമ വനം, വളർത്തു മൃഗങ്ങളുടെ സംഗമം, തുരങ്കപ്പാതയിലൂടെ അലങ്കാര മത്സ്യ പ്രദർശനം, സർക്കാർ-അർധ സർക്കാർ സ്റ്റാളുകൾ, വ്യാപാര വിപണന മേള, അസ്ട്രോ ഫിസിക്സ് പവിലിയൻ, കുടുംബശ്രീ ഭക്ഷ്യമേള, ഫുഡ് വ്ലോഗർ കോർണർ, വിപുലമായ കലാസന്ധ്യ, അമ്യൂസ്മെന്റ് കാർണിവൽ, ഇൻസ്റ്റലേഷനുകൾ, സെൽഫി കോർണർ, ഭാഗ്യ പരീക്ഷണ നറുക്കെടുപ്പ്, എന്നിവയും സംഘടിപ്പിക്കുമെന്നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മന്റ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ

ഉള്ളവർക്ക് ഇന്ന് **(11.04.2025)** രാവിലെ **9.30** മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **www.kau.in**, **www.cohvka.kau.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ **0487-2438302** എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

3. കണ്ണൂർ വെറ്റിനറി പോളി ക്ലിനിക് പരിയാരത്തിൽ (കൈതേപ്പാലം) വച്ച് 12/04/2025 ശനിയാഴ്ച രാവിലെ സർക്കാർ അംഗീകൃത നഴ്സറി യിൽ വളർത്തിയ 46 മുതൽ 60 ദിവസം വരെ പ്രായമുള്ള മുട്ട കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ഒരു കോഴിക്കുഞ്ഞിൻ്റെ വില 130 രൂപ. ആവശ്യമുള്ള കർഷകർ 9447063039 എന്ന നമ്പറിൽ വിളിച്ചു മുൻകൂട്ടി ബുക്ക് ചെയ്യുക.

4. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയൻ്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശം**

5. കായ് വിള്ളൽ രോഗം - 10 മുതൽ 25 വർഷംവരെ പ്രായമുള്ള മരങ്ങളിലാണ് ഈ രോഗം കൂടുതലായി കാണുന്നത്. പകുതിയോ, മുക്കാൽഭാഗമോ മൂപ്പാകുമ്പോഴേയ്ക്കും കായ്കൾ മഞ്ഞളിക്കുന്നതാണ് ലക്ഷണം. കായുടെ അറ്റത്ത് നിന്ന് ആരംഭിക്കുന്ന വിള്ളൽ നെടുകെ വ്യാപിച്ച് വിത്ത് പുറത്തേക്ക് കാണാറാകും. അപൂർവ്വമായി പുറംതോടിന് കേടില്ലാതെ വിത്തിനുമാത്രം വിള്ളലേൽക്കും. അമിതമായ വളപ്രയോഗം, വരൾച്ചയ്ക്ക് ശേഷമുള്ള ജലലഭ്യത, ആവശ്യത്തിനുള്ള ഈർപ്പമില്ലായ്മ എന്നിവയാണ് രോഗ കാരണം നീർവാർച്ച മെച്ചപ്പെടുത്തുകയും ബോറാക്സ് 2 ഗ്രാം ഒരു ലിറ്റർ 1 വെള്ളത്തിൽ എന്നതോതിൽ തളിക്കുകയും ചെയ്യുന്നത് രോഗം കുറയ്ക്കുന്നതായി കണ്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ 1800 425 1661.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം